# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1455. 06/03/2018-ൽ മറുപടിക്ക്

## തുറമുഖ വകുപ്പിന്റെ കടവുകളിലെ മണൽ ഖനനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കടവുകളിൽ നിന്നും മണൽ ഖനനവും വിൽപനയും എപ്രകാരമാണ് നടക്കുന്നത് ; | (എ) | തുറമുഖ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ചാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ബന്ധപ്പെട്ട രേഖകൾ സഹിതം തുറമുഖവകുപ്പിന്റെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിൽ മണൽ ബുക്ക് ചെയ്യുന്ന ഉപഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച്, യോഗ്യരായവർക്ക് മണൽ വില ബാങ്കിൽ ഒടുക്കുന്ന മുറയ്ക്ക് മണൽ കൊണ്ടുപോകുന്നതിനുള്ള പാസ് നല്കിവരുന്നു. |
| (ബി) | പ്രസ്തുത കടവുകളിലെ മണൽ ഖനനത്തിനും വിപണനത്തിനും പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ, വിശദാംശം വെളിപ്പെടുത്താമോ; | (ബി) | തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗിന് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ നയം അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾ മുഖേനയാണ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇപ്രകാരം ലഭിക്കുന്ന അസംസ്കൃത മണൽ തുറമുഖവകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ യാണ് വില്പന നടത്തുന്നത് അതുകൊണ്ട് സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുതിയ നയം രൂപീകരിച്ച ശേഷം മണൽ വിൽപനയിൽ നിന്നുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | തുറമുഖ ചാനലുകളിൽ ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വിഘാതം സൃഷ്ടിക്കുന്ന പദാർത്ഥങ്ങളെ നീക്കം ചെയ്യാനാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇത് സാമ്പത്തികലാഭം ഉദ്ദേശിച്ച് നടപ്പാക്കുന്നതല്ല. ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണൽ ശുദ്ധീകരിച്ച് നിർമ്മാണ മേഖലയ്ക്ക് ഉപയുക്തമാക്കുന്നതിനാണ് ശ്രമിക്കുന്നത്. കർശനമായ മാനദണ്ഡങ്ങളുടേയും, നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, വിവിധ കോടതികൾ എന്നിവയുടെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ആണ് പുതിയ നയം അനുസരിച്ച് മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നത്. കൂടാതെ പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്താനും മണൽ വില്പനയിൽ നിന്നുള്ള വരുമാനം സർക്കാരിനു ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ പുതിയ നയത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**